പൂർത്തിയായിപ്പോയി അതുകൊണ്ട് അപേക്ഷ നിരസിക്കുന്നു എന്നൊക്കെയാണ്. ലക്ഷക്കണക്കായ ചെറുപ്പക്കാർക്ക് ഒരു അപേക്ഷ അയച്ച് ടെസ്റ്റ് എഴുതാൻപോലും അവകാശം ഇവിടെ ഇല്ലേ? അതുകൊണ്ട് ഗവൺമെന്റ് ദയവായി ഇതിൽ ഇടപെടണം. ചെറുപ്പക്കാരായ ആ ഉദ്യോഗാർത്ഥികൾക്ക് ടെസ്റ്റ് എഴുതി ഭാഗ്യം പരീക്ഷിക്കുവാനുള്ള അവസരമെങ്കിലും ഉണ്ടാക്കുവാൻ എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) : സർ, 2002 ജനുവരി 1-ന് 18 വയസ് തികയാത്തവരുടെയും, നിശ്ചിത ഉയർന്ന പ്രായപരിധി കഴിഞ്ഞവരുടെയും, ജനന തീയതി, ഒപ്പ് എന്നിവ രേഖപ്പെടുത്താത്തവരുടെയും, അവസാന തീയതിക്കുശേഷം ലഭിച്ചവയുമായ അപേക്ഷകളാണ് നിരസിച്ചതെന്നാണ് പി.എസ്.സി. അറിയിച്ചിട്ടുള്ളത്.

(6) സ്കൂളുകളിൽ കായിക വിദ്യാഭ്യാസം നിർബന്ധമാക്കാനുള്ള നടപടി

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, കേട്ടാൽ വളരെ ചെറുതെന്ന് തോന്നും പക്ഷേ വളരെ വലുതാണ്. നമ്മുടെ നാട്ടിൽ വളരെ കഠിനമായി പരാമർശിക്കേണ്ട വിഷയമാണ്. മുമ്പ് സ്കൂളുകളിലൊക്കെ പി.റ്റി. (ഫിസിക്കൽ ട്രെയ്നിംഗ്) ഉണ്ടായിരുന്നു. അതു കുട്ടികൾക്ക് ആവശ്യമാണെന്ന് അന്നുള്ള ആളുകൾക്ക് തോന്നിയതുപോലെ ഇന്നുള്ളവർക്ക് തോന്നുന്നില്ല. കൊച്ചുകുട്ടികളെ നാലും അഞ്ചും മണിക്കൂർ ഒരു ക്ളാസ്സിൽ ചടഞ്ഞിരുത്തി അവരെ പഠിപ്പിച്ചാൽ അവരുടെ മനസ്സിലേക്ക് പ്രവേശിക്കുകയില്ല. അതുകൊണ്ട് നിലവാരം കുറയുമെന്ന് മാത്രമല്ല അവരുടെ ആരോഗ്യത്തെ ഹനിക്കുകയും ചെയ്യുന്നു. അതുകൊണ്ട് എല്ലാ സ്കൂളുകളിലും ഫിസിക്കൽ ട്രെയ്നിംഗ് അത്യന്താപേക്ഷിതമാണ്. ഈ ആവശ്യം കണക്കിലെടുത്ത് ഇതിനു വേണ്ടിവരുന്ന ചെലവ് വിദ്യാഭ്യാസ വകുപ്പിൽനിന്നും വകുപ്പുമന്ത്രി കണ്ടെത്തേണ്ടതാണ്. ഇത് ലാഭമാണെന്നു കരുതി നടപ്പാക്കാതിരിക്കരുത്. വിദ്യാഭ്യാസത്തെ മാത്രം ലാഭക്കച്ചവടത്തിൽ ഉൾപ്പെടുത്താൻ പാടില്ല. കുട്ടികളുടെ എണ്ണം കുറഞ്ഞ സ്കൂളുകളിൽ പി.റ്റി. ടീച്ചേഴ്സിനെ പിരിച്ചുവിടുന്നുണ്ട്. ഇതൊന്നും ശരിയല്ല. പത്തു കുട്ടികളുള്ള സ്കൂളിലും അൻപത് കുട്ടികളുള്ള സ്കൂളിലും അവരെ ആരോഗ്യമുള്ളവരാക്കി മാറ്റാൻ ഫിസിക്കൽ ട്രെയിനിംഗ് അത്യാവശ്യമാണ്. ഒരു പി.റ്റി. അദ്ധ്യാപകൻ റിട്ടയർ ചെയ്താൽ പകരം ആരെയും നിയമിക്കുകയില്ല. അങ്ങനെ വന്നുവന്ന് നമ്മുടെ നാട്ടിലെ വിദ്യാർത്ഥികൾ കായിക രംഗത്ത് പുറകിലായി. ഒരു കാലത്ത് ഈ രംഗത്ത് നാം മുന്നിലായിരുന്നു ഇന്ന് നാം പുറകിലായതിനു കാരണമെന്താണെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആലോചിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ വിദ്യാർത്ഥികൾ കേരളത്തിന് അഭിമാനകരമായിരുന്നു ഒരു കാലത്തെങ്കിൽ ഇന്ന് അഭിമാനിക്കുവാൻ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കുട്ടികൾ പലയിടത്തും പരാജയപ്പെടുന്നതുപോലെ ഈ രംഗത്തും പരാജയപ്പെടുകയാണ്. അല്പം ചെലവുണ്ടാകുമെന്ന് കരുതി ഈ വിദ്യാർത്ഥികളുടെ ഭാവി ജീവിതത്തിനും ആരോഗ്യത്തിനും അത്യന്താപേക്ഷിതമായ ഈ കായിക വിദ്യാഭ്യാസം അവിടെനിന്നും എടുത്തുമാറ്റരുത്. അവർക്ക് അത് നൽകണം. അതിനുവേണ്ടിവരുന്ന ചെലവ് ബഹുമാനപ്പെട്ട മന്ത്രി കണ്ടെത്തണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. കേരളം ഒരു കാലത്ത് കായികരംഗത്ത് ഉയർന്നുനിന്നത് ഇന്ന് നിലം പതിച്ചുപോയി.

മി. സ്പീക്കർ : ഇത് പല പ്രാവശ്യം പറഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ് : ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ താൽപര്യമെടുത്ത് മറ്റ് അദ്ധ്യാപകരെപ്പോലെ ഈ അദ്ധ്യാപകരെയും കണക്കാക്കി സ്കൂളുകളെ പഴയ രീതിയിലേക്ക് ഉയർത്താൻ ശ്രമിക്കണം. ചെറിയ ഒരു വിഷയമായി സംസാരിക്കേണ്ടതല്ല. വളരെ വിശദമായി സംസാരിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് മനസ്സിലാകും. അദ്ദേഹം വേണ്ടത് ചെയ്യുമെന്നുള്ള ഉറപ്പിൽ നിർത്തുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, കെ.ഇ.ആർ. അനുസരിച്ച് ഗവൺമെന്റ് എയ്ഡഡ് ഹൈസ്ക്കൂളുകളിൽ ഫുൾടൈം ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറെ അനുവദിക്കണമെങ്കിൽ ഒരാഴ്ച കുറഞ്ഞത് അഞ്ച് പീരീഡ് ഉണ്ടാകണമെന്നതാണ്. യു.പി. സ്കൂളിലാണെങ്കിൽ അഞ്ഞൂറിൽ കൂടുതൽ കുട്ടികൾ ഉണ്ടായിരിക്കണമെന്ന് നിബന്ധനയുണ്ട്. കായികഅദ്ധ്യാപക തസ്തിക സംബന്ധിച്ച് കഴിഞ്ഞ കാലത്ത് അദ്ധ്യാപക സംഘടനകളുടെ ഭാഗത്തുനിന്നും ഒരു നിർദ്ദേശമുണ്ടായിരുന്നു. ഗവൺമെന്റ് ആ കാര്യം പരിശോധിക്കുകയുണ്ടായി. വളരെ കടുത്ത സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് ആ പ്രൊപ്പോസൽ തൽക്കാലത്തേക്ക് മാറ്റിവച്ചത്. ഏതായാലും ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറുടെ തസ്തിക ഇതുവരെ സൃഷ്ടിച്ചിട്ടില്ല. രണ്ടുപേരെ എടുക്കണമെന്ന് ബന്ധപ്പെട്ട ഹൈസ്ക്കൂളുകളിലെ നിലവിലുള്ള ടീച്ചേഴ്സിന് നിർദ്ദേശം നൽകുകയും അതനുസരിച്ച് നടത്തിവരികയുമാണ്. കേരളം കായിക രംഗത്ത് മുന്നോക്കംപോയി. നമ്മുടെ ഹൈസ്ക്കൂളുകളിൽ അദ്ധ്യാപകരില്ലെന്ന പോരായ്മ പ്രത്യേകമായി ഉണ്ടെങ്കിലും ഹാട്രിക്കിൽ കേരളം കഴിഞ്ഞ മൂന്നുകൊല്ലമായി ഒന്നാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കായികാദ്ധ്യാപകരുടെ നിയമനം നിർബന്ധമായി കൊണ്ടുവരണം. അത് ഉറപ്പാക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. തൽക്കാലത്തേക്ക് മാറ്റിവച്ചു. വളരെ വൈകാതെതന്നെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് അതിന് പരിഹാരമുണ്ടാക്കുവാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly